മറുപടി പറയേണ്ടത്. അദ്ദേഹത്തിന് അറിയാവുന്ന ഒരു പ്രദേശമെന്നുള്ള നിലയ്ക്ക് ആ സ്ഥലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം കൊലപാതകങ്ങളിലും സംശയ മരണങ്ങളിലും അതുപോലുള്ള സംഭവങ്ങളിലും കുറ്റക്കാർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കുകയും അവിടെയുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യണം. ഇപ്പോൾ അവിടത്തെ ജനങ്ങൾ മിനി ബോംബെ, പഞ്ചാബ് എന്നൊക്കെയാണ് ആ സ്ഥലത്തിന് പേരിട്ടിരിക്കുന്നത്. ആ സംഭവങ്ങളിൽ അവിടത്തെ ജനങ്ങൾ ഭയവിഹ്വലരാണ്. ജനങ്ങൾക്ക് ധൈര്യം കൊടുക്കാൻ വേണ്ടി കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കാനാവശ്യമായ ശക്തമായ നടപടിയുണ്ടാകണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര വലിയവീട്ടിൽ പരീത് 26.10.1994-ന് വീട്ടുവളപ്പിൽ ഉള്ള പൊട്ടക്കിണറ്റിൽ മരിച്ചുകിടക്കുന്നതു സംബന്ധിച്ച് നാട്ടുകൽ പോലീസും തുടർന്ന് ക്രൈംബ്രാഞ്ചും അന്വേഷണം നടത്തി. അപകടമരണമാണെന്ന് തെളിഞ്ഞതിനാൽ അതിനെസംബന്ധിച്ച് 12.8.1996-ന് കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകി. എടത്തനാട്ടുകര സ്വദേശി സുകുമാരൻ 26.5.1997-ന് കുളത്തിൽ കുളിക്കാനിറങ്ങവേ കാൽവഴുതി വീണ് മരണപ്പെട്ടു. നാട്ടുകൽ പോലീസ് അന്വേഷിച്ചതിൽ അത് ആകസ്മികമായ മുങ്ങി മരണമാണെന്ന് കണ്ട് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പുല്ലാനിക്കാട് അബ്ദുൾസലാം 19.12.1998-ന് കൊലചെയ്യപ്പെട്ട നിലയിൽ തോട്ടപ്പള്ളിയിൽ കാണപ്പെട്ടു. അതുസംബന്ധിച്ച് നാട്ടുകൽ പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയ ക്രൈം 252/98-ലെ കേസിലെ പ്രതികളായ മൂന്നുപേരെയും 21.12.1998-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. എടത്തനാട്ടുകര ചെമ്പൻപാടം കോളനിയിലെ ചെറിയാപ്പയെ 7.3.1999-ന് എടത്തനാട്ടുകര പഞ്ചായത്ത് റോഡിൽവച്ച് ആക്രമിച്ച് കൊലപ്പെടുത്തി. അതുസംബന്ധിച്ച് നാട്ടുകൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ മുൻവിരോധമാണ് ഈ സംഭവത്തിന് ആസ്പദമായ കാരണമെന്ന് അറിയുന്നു. ഈ കേസിലെ മൂന്നു പ്രതികളേയും 11.3.1999-ന് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. ആക്ഷേപങ്ങളുണ്ടാകത്തക്കവിധം കുറ്റകൃത്യങ്ങളിന്മേൽ കാര്യക്ഷമമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. "നാട്പാക്" ജീവനക്കാരുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നാട്പാകിലെ ജീവനക്കാരെ ഇന്ന് വാസ്തവത്തിൽ ഒരുവിഭാഗം ജീവനക്കാർ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. എല്ലാ ട്രാൻസ്ഫർ നോംസും ജനറൽ റൂൾസും ലംഘിച്ചുകൊണ്ട് രാഷ്ട്രീയപ്രേരിതമായ ട്രാൻസ്ഫറാണ് അവിടെ നടക്കുന്നത്. ഞാൻ ഒന്ന് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സെക്ഷൻ ഓഫീസറുടെ ഗ്രേഡിലുള്ളതാണ്. അദ്ദേഹത്തെ സ്റ്റോറിലേക്ക് മാറ്റി. സ്റ്റോറിൽ ഒരു അസിസ്റ്റന്റ് ചെയ്യുന്ന ജോലിയാണ് അദ്ദേഹത്തെക്കൊണ്ട് ചെയ്യിക്കുന്നത്. ഭരണകക്ഷിയുടെ യൂണിയനിൽപ്പെട്ട ആളിനെയാണ് ഇങ്ങോട്ട് കൊണ്ടുവന്നത്. ഇദ്ദേഹം ഭരണകക്ഷി യൂണിയനിൽപ്പെട്ട ആളല്ല. അതുതന്നെയാണ് പ്രധാനപ്പെട്ട കാരണം. അതിന് പകരം എടുത്ത ആൾ ആരാണെന്നറിയാമോ? ഒരു ടൈപ്പിസ്റ്റ് മൂത്ത് പി.എ. ആയ ആളിനെ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്ന് അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചാർജ്ജിൽ ഇരുത്തിയിരിക്കുകയാണ്. മറ്റേ ആളിനെ അസിസ്റ്റന്റിന്റെ ജോലിക്ക് വിട്ടിരിക്കുന്നു.

സർ, അതുപോലെതന്നെ വേറൊരുകാര്യം - എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുവാദമില്ലാതെ പുതിയ ഡിവിഷൻ സൃഷ്ടിച്ച് അവിടെയുള്ള ഒരു സീനിയറെ മാറ്റിയിട്ട് ജൂനിയറെ നിയമിച്ചിരിക്കുന്നു. അതുമാത്രമാണോ, വിശാലാക്ഷി എന്ന് പറയുന്ന ലൈബ്രറി കോഴ്സ് പാസ്സായ ഏക ജീവനക്കാരി അവരാണ്. അവരെ ലൈബ്രറിയിൽനിന്ന് മാറ്റി ടെലിഫോൺ ഓപ്പറേറ്ററായി 20 കൊല്ലം ജോലിചെയ്ത ഒരാളിനെ കൊണ്ടുവന്ന് ലൈബ്രേറിയന്റെ പോസ്റ്റിൽ നിയമിച്ചിരിക്കുകയാണ്. ഇപ്പോൾ അവിടെ ലൈബ്രറി ഫംഗ്ഷൻ ചെയ്യുന്നില്ല. ഇത് എന്തൊരു പകപോക്കലാണ്. അതുപോലെതന്നെ ട്രാൻസ്ഫർ നോംസ് മുഴുവൻ ലംഘിച്ചു. അവിടത്തെ യൂണിയന്റേയും മറ്റുമുള്ള കാര്യങ്ങളൊക്കെ അങ്ങേയ്ക്ക് നല്ലതുപോലെ അറിയാമല്ലോ. ഇതുപോലെ ഈ ഗവൺമെന്റ് ചെയ്യുകയാണെങ്കിൽ ഒരു സ്ഥാപനവും നടക്കുകയില്ല. എല്ലാം രാഷ്ട്രീയവൽക്കരിക്കുകയാണ്. അവിടെ വേറെ യൂണിയൻ പ്രവർത്തിക്കാൻ പാടില്ലേ? അവിടെ യൂണിയനിൽ പ്രവർത്തിച്ചാൽ അവരെ മുഴുവൻ എല്ലാ ട്രാൻസ്ഫർ നോംസും ലംഘിച്ച് സ്ഥലം മാറ്റുകയാണ്. അങ്ങനെ അവരെ പിടിച്ച് നിങ്ങളുടെ യൂണിയനിൽ ചേർക്കാൻ ശ്രമിക്കുകയാണോ? അതിനുവേണ്ടിയാണോ ഗവൺമെന്റ് ശ്രമിക്കുന്നത്? ഇതുപോലെ പല സ്ഥാപനങ്ങളിലും നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ മുഴുവൻ നശിപ്പിക്കുന്ന പ്രവർത്തനങ്ങളിലാണ് ഈ സർക്കാർ ഏർപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് അടിയന്തിരമായി സർക്കാർ ഇത് തിരുത്തണം. എല്ലാവർക്കും നീതിയും ന്യായവും ലഭിക്കുമെന്നുള്ള ഒരു ബോധം ഉണ്ടാക്കിയില്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങളെല്ലാം തകർന്ന് തരിപ്പണമാകും. ഇന്ന് ലൈബ്രറിയുടെ സ്ഥിതിയെന്താണ്? ടൈപ്പിസ്റ്റിനെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാക്കി വച്ചിട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ഒരു എൽ.ഡി. ക്ലാർക്കിന്റെ പോസ്റ്റിൽ നിയമിച്ചിരിക്കുന്നു. ഈ ഗവൺമെന്റിന്റെ ഭരണത്തിലല്ലാതെ വേറെ ഏതെങ്കിലും ഒരു ഭരണത്തിൽ അത് നടക്കുമോ? അതുകൊണ്ട് അടിയന്തിരമായി ഇത്തരത്തിലുള്ള പ്രവൃത്തി നിറുത്തി ട്രാൻസ്ഫർ നോംസ് അനുസരിച്ച് അർഹിക്കുന്ന ആളുകൾക്ക് അത് നൽകണം. ഇതുപോലുള്ള രാഷ്ട്രീയ പ്രേരിതമായ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടത്തുന്നതെങ്കിൽ ഈ സ്ഥാപനങ്ങളെല്ലാം തകരും. അതുകൊണ്ട് അടിയന്തിരമായി ഈ തെറ്റുകൾ തിരുത്താനുള്ള നടപടി കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്ററിന് (നാട്പാക്) ഇവിടെയുള്ള ഹെഡ് ഓഫീസ് കൂടാതെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ബ്രാഞ്ച് ഓഫീസുകളും നിലവിലുണ്ട്. ഓരോ ഓഫീസുകളിലും നിക്ഷിപ്ത ജോലി സ്വഭാവം അനുസരിച്ചാണ് ജീവനക്കാരെ നിയമിച്ച് വരുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ ഹെഡ് ഓഫീസിൽ നിന്നോ ബ്രാഞ്ച് ഓഫീസുകളിൽ നിന്നോ സ്ഥലം മാറ്റി നിയമിക്കാറുണ്ട്.

സർ, ഈ സ്ഥാപനം ഏറ്റെടുത്ത് നടത്തുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനും സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും വേണ്ടി ഇത്തരം സ്ഥലംമാറ്റങ്ങൾ അനിവാര്യമാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്ഥലം മാറ്റം നടത്തുമ്പോൾ പ്രോജക്ടുകളുടെ സ്വഭാവവും അത് ചെയ്തുതീർക്കുന്നതിനാവശ്യമായ സാങ്കേതിക ജീവനക്കാരുടെ ആവശ്യകതയുമാണ് പ്രധാനമാ

LIBRARY ARCHIVES Kerala Legislative Assembly

യിട്ട് എടുക്കുന്നത്. ഇതല്ലാതെ നാട്പാക്കിൽ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേക മാനദണ്ഡമൊന്നും നിശ്ചയിച്ചിട്ടില്ല. നാട്പാക്കിൽ സീനിയറായ ജീവനക്കാരെ ആരെയുംതന്നെ തരംതാഴ്ത്തി നിയമിച്ചിട്ടില്ല. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയും പ്രോജക്ടുകളുടെയും ഗവേഷണ പ്രവർത്തനങ്ങളുടെയും നടത്തിപ്പിനുവേണ്ടിയും ജോലിയുടെ സ്വഭാവമനുസരിച്ച് നിലവിലുണ്ടായിരുന്ന നാല് യൂണിറ്റുകളെ Research, Informatic Engineering, Transport Planning, Transport Economics, Extension services എന്നീ ഡിവിഷനുകളായി തരംതിരിക്കുകയും യോഗ്യതയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ജീവനക്കാരെ ഈ ഡിവിഷനുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും ഡയറക്ടറുടെ അധികാര പരിധിയിൽപ്പെടുന്നതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കൃത്യമായി സൂക്ഷിക്കാനുള്ള സംവിധാനം നാട്പാക്കിൽ ഉണ്ട്. അതിൽ യാതൊരു കൃത്രിമവും നടന്നിട്ടില്ല. 1994-നു ശേഷം നാട്പാക്കിൽ സ്ഥിരമായ നിയമനങ്ങൾ യാതൊന്നും തന്നെ നടത്തിയിട്ടില്ല. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പിനാവശ്യമായ ആളുകളുടെ സേവനം അതാത് സമയങ്ങളിൽ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും ഉപയോഗപ്പെടുത്താറുണ്ട്. സ്ഥാപനങ്ങളിലെ സ്ഥലംമാറ്റവും മറ്റും രാഷ്ട്രീയപ്രേരിതമാണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ ആരോപണത്തെ ഗവൺമെന്റ് ശക്തിയായി നിഷേധിക്കുന്നു.

4. ദൂരദർശൻ-ആകാശവാണി ജീവനക്കാരുടെ സമരം

<u>ശ്രീ. പാലോട് രവി</u> : സർ, നമ്മുടെ സംസ്ഥാനത്തും കേന്ദ്രത്തിലും, പൊതുവിൽ എല്ലായിടത്തും ദൂരദർശനിലെയും ആകാശവാണിയിലെയും ജീവനക്കാർ കഴിഞ്ഞ ആറുദിവസമായി പണിമുടക്കിലാണ്. ഇന്നലെമുതൽ ദൂരദർശനിലെയും ആകാശവാണിയിലെയും വാർത്തകളെ അത് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ദൂരദർശൻ കേന്ദ്രത്തിലെ ഭൂതല-ഉപഗ്രഹ സംപ്രേക്ഷണം സമരംമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. ഏതാണ്ട് ഇരുപത്തിനാലായിരത്തോളം വരുന്ന ജീവനക്കാരുടെ ഈ പ്രശ്നത്തിൻമേൽ നിഷേധാത്മകമായ ഒരു സമീപനമാണ് പ്രസാർഭാരതി ബോർഡ് സ്വീകരിച്ചിരിക്കുന്നത്. സമരം ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ജീവനക്കാരുടെ സംഘടനകളും തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വാർത്തകൾ ഉൾപ്പെടെയുള്ള സംപ്രേക്ഷണത്തിന്റെ കാര്യത്തിൽ 100 ശതമാനം തടസ്സം നേരിട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ജീവനക്കാർക്ക് അനുകൂലമായ ഒരു ഒത്തുതീർപ്പ് ചർച്ച വിളിച്ചുകൂട്ടി ഇത് ഒത്തുതീർപ്പാക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി അടിയന്തിരമായി ഇടപെടാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമേനോൻ)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. ദൂരദർശനിലെയും ആകാശവാണിയിലെയും ജീവനക്കാരുടെ സമരം അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേന്ദ്രഗവൺമെന്റാണ് നടപടി സ്വീകരിക്കേണ്ടത്. സമരം അവസാനിപ്പിക്കുന്നതിന് ആവശ്യമായ നടപടി ഉടൻ സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഉടൻതന്നെ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly